(ഇ) അവർക്ക് വീണ്ടും നിയമനം നൽകിയോ ;

(എഫ്) എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(ജി) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പി. എസ്. സി. ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 23-9-1986-ൽ 240 ഡ്യൂട്ടി തികയാത്ത 136 പ്രൊവിഷണൽ ജീവനക്കാരെ ഇതിനകം പിരിച്ചുവിട്ടുകഴിഞ്ഞു.

(ബി) 7-10-1986-മുതൽ കെ.എസ്.ആർ. ടി. സി. യിലെ ഒരു വിഭാഗം ജീവനക്കാർ അനിശ്ചിതകാല പണിമുടക്ക് നടത്തിയപ്പോഴും കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പിരിച്ചുവിടപ്പെട്ട പ്രൊവിഷണൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിച്ചു. പി. എസ്. സി. ലിസ്റ്റിൽ നിന്ന് ആളെ എടുത്ത് ട്രെയിനിംഗ് കൊടുത്ത് നിയമിക്കാനുള്ള സാഹചര്യം അപ്പോഴും നിലവിലില്ലായിരുന്നു.

(സി, ഡി) സ്പെഷ്യൽ റിക്രൂട്ടുമെന്റ് മുഖേന പി. എസ്. സി. അഡ്വൈസ് ചെയ്ത 241 പേരെ നിയമിക്കുന്നതിനുവേണ്ടി അത്രയും താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ ഗവൺമെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നൽകിയിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കെ. എസ്. ആർ. ടി. സി. യിലെ നിയമനം സംബന്ധിച്ച കോടതി നിർദ്ദേശം

824 [1017] ശ്രീ. ഒ. ഭരതൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ടി. കെ. അബ്ദു :
,, സി. ടി. കൃഷ്ണൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവരെ ഒഴിവാക്കി അതിനുപകരം പി. എസ്. സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിയമിക്കണമെന്ന് ഏതെങ്കിലും കോടതി നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻപടി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരായി നിയമിക്കുന്നതിലേക്ക് 19-1-1985-ൽ പി. എസ്. സി. പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്ന് മാത്രമേ നിയമനം നടത്താവൂ എന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചും ഒരു കേസ് ഹൈക്കോടതിയിൽ നിലവിലുള്ളതിനാൽ അതിൽ തീരുമാനമായാൽ മാത്രമേ നിയമനം നടത്തേണ്ടകാര്യം പരിഗണിക്കാൻ നിർവാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly